# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2400** **05.11.2019 -ൽ മറുപടിയ്ക്ക്**

## കാരുണ്യ ലോട്ടറികളുടെ ആദായം രോഗികൾക്കായി ചിലവാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ്<br>,, വി.ടി.ബൽറാം<br>,, അനിൽ അക്കര<br>,, ഷാഫി പറമ്പിൽ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും യാതൊരു തുകയും ചെലവഴിക്കാതെ കാരുണ്യ, കാരുണ്യ പ്ലസ് ലോട്ടറികളിൽ നിന്നും ലഭിച്ചിരുന്ന ലാഭം കൊണ്ടു മാത്രം കാരുണ്യ ബനവലന്റ് ഫണ്ട് വിജയകരമായി നടത്തിക്കൊണ്ടു പോകുവാൻ സാധിച്ചിരുന്നോ; | (എ) | ലോട്ടറി വിറ്റുവരവ് കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുകയും KBF അടക്കം ലോട്ടറി വകുപ്പിന്റെ ചെലവുകൾക്കുള്ള പണം നിശ്ചിത കണക്ക് ശീർഷകം വഴി കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നൽകുകയുമാണ് ചെയ്യുന്നത്. |
| (ബി) | കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ഹൃദയം, തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയകൾക്ക് രണ്ട് ലക്ഷം രൂപവരെയും ക്യാൻസർ, വൃക്ക രോഗികൾക്ക് മൂന്ന് ലക്ഷം രൂപയും ഹീമോഫീലിയ രോഗികളുടെ ചികിത്സയ്ക്ക് പരിധിയില്ലാതെ | (ബി) | കാരുണ്യ ബനവലൻറ് ഫണ്ട് മുഖേന ഹൃദയം, തലച്ചോർ, കരൾ, കാൻസർ, എന്നിവയുടെ ശസ്ത്രക്രിയകൾക്ക് രണ്ട് ലക്ഷം രൂപവരെയും വൃക്ക രോഗികൾക്ക് മൂന്ന് ലക്ഷം രൂപവരെയും ഹീമോഫിലിയ രോഗികളുടെ ചികിത്സയ്ക്ക് പരിധിയില്ലാതെ ആജീവനാന്തവും തുക ലഭ്യമാക്കിയിരുന്നു.<br>നിലവിൽ സാധുതയുള്ള ആർ.എസ്.ബി.വൈ, ചിസ് കാർഡ് |

| | | | |
|---|---|---|---|
| | ആജീവനാന്തവും തുക ലഭ്യമാക്കിയിരുന്നോ; പുതിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഇക്കാര്യത്തിന് അനുവദിക്കുന്ന പരമാവധി തുക എത്രയാണെന്ന് വെളിപ്പെടുത്താമോ; | | ഉള്ളവർക്കോ 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിൽ ദുർബല വിഭാഗം ജനങ്ങൾ എന്ന് രേഖപ്പെടുത്തിയിട്ടുള്ളവർക്കോ ആണ് പുതിയ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ടി പദ്ധതി (KASP) പ്രകാരം സംസ്ഥാനത്ത് അർഹരായ കുടുംബങ്ങൾക്ക് ഓരോ വർഷവും അഞ്ചു ലക്ഷം രൂപ വരെയുള്ള സൗജന്യ ആരോഗ്യ ചികിത്സാ സഹായം കേരളത്തിനകത്തും രാജ്യത്തും ആയുഷ്മാൻ ഭാരത് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എല്ലാ ആശുപത്രികളിലും ലഭ്യമാകും. കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഒരു കുടുംബത്തിന് ഒരിക്കൽ മാത്രമേ ഈ സഹായം ലഭിക്കുമായിരുന്നുള്ളൂ. |
| (സി) | കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന അവയവദാതാവിന് ഒരു ലക്ഷം രൂപയുടെ ചികിത്സാ സഹായം നൽകിയിരുന്നോ; കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ ഇക്കാര്യത്തിനായി എന്ത് തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | നൽകിയിരുന്നു. കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 45,000/- രൂപയാണ് നൽകുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടിൽ സഹായം ലഭ്യമായിരുന്നത് 319 പാക്കേജുകൾക്കായിരുന്നു. KASP യിൽ ആകട്ടെ 1978 പാക്കേജുകളാണ് സഹായത്തിന് അർഹമായിട്ടുള്ളത്. ഏത് അർത്ഥത്തിലും, കവറേജിലും, ആശുപത്രികളുടെ എണ്ണത്തിലും, പൊതുവിൽ ലഭ്യമായ ചികിത്സാ സഹായത്തിന്റെ കാര്യത്തിലും എല്ലാം KASP ഏറെ മെച്ചപ്പെട്ട സംവിധാനമാണ്. |
| (ഡി) | കാരുണ്യ ബെനവലന്റ് ഫണ്ട് നിർത്തലാക്കി കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയത് സാധാരണക്കാരായ രോഗികൾക്ക് കൂടുതൽ ഗുണകരമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിന്റെ കാരണമെ | (ഡി) | KASP പദ്ധതിയിൽ ഓരോ വർഷവും അഞ്ചു ലക്ഷം രൂപയുടെ ചികിത്സാ സഹായം ഇന്ത്യയിലുള്ള 16000 ത്തോളം ആശുപത്രികൾ വഴി ലഭ്യമാക്കും. മാത്രമല്ല കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ഫോട്ടോ പതിച്ച അംഗത്വ കാർഡ് നൽകുന്നതിനാൽ ക്യാഷ് ലെസ്സ് ചികിത്സ മറ്റു രേഖകൾ ഇല്ലാതെ നേടാവുന്നതാണ്. KBF പദ്ധതിയിൽ ഒരു |

| | | | |
|---|---|---|---|
| | ന്താണെന്ന് വിശദമാക്കുമോ; | | കുടുംബത്തിന് ഒരു ജീവിതകാലം ലഭിക്കുന്നത് രണ്ടു ലക്ഷം രൂപയുടെ ആനുകൂല്യം മാത്രമാണ്. |
| (ഇ) | കാരുണ്യ, കാരുണ്യ പ്ലസ് ലോട്ടറികൾ ഇപ്പോഴും തുടരുന്ന സാഹചര്യത്തിൽ അതിൽ നിന്നുള്ള ആദായം ഉപയോഗിച്ച് മാരക രോഗം ബാധിച്ച നിർദ്ധനരോഗികൾക്ക് ആശ്വാസം പകരുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) | ലോട്ടറി വിറ്റു കിട്ടുന്ന ലാഭം കൺസോളിഡേറ്റഡ് ഫണ്ടിലേക്കാണ് അടയ്ക്കുന്നത്. ഈ തുക കാരുണ്യ ബനവലൻറ് ഫണ്ട് പദ്ധതിയ്ക്കായി ഭാഗ്യക്കുറി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയാണ് അനുവദിക്കുന്നത്. കാരുണ്യ ബനവലൻറ് ഫണ്ടിലെ നിലവിലുള്ള എല്ലാ ഗുണഭോക്താക്കൾക്കും 31.03.2020 വരെ ചികിത്സാ സഹായം തുടർന്നും ലഭ്യമാകുന്നതാണ്. |

Puja

**സെക്ഷൻ ഓഫീസർ**